## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3510

25.06.2012 -ൽ മറുപടിയ്ക്ക്

### കണ്ണൻ ദേവൻ ഹിൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എസ് രാജേന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കണ്ണൻ ദേവൻ ഹിൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ അഴിമതിയുമായി ബന്ധപ്പെട്ട് സി.ബി. സി. . ഐ. ഡി കേസ് നമ്പർ 378/2008 പ്രകാരം പ്രതികൾക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ഏതെല്ലാം പ്രതികൾക്കെതിരെയാണ് വാറണ്ട് പുറപ്പെടുവിച്ചത്. പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) വാറണ്ട് പുറപ്പെടുവിച്ചിട്ടില്ല. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. പ്രസ്തുത കേസ് സംബന്ധിച്ച് കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. കേസ് ഊർജ്ജിതമായി ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചു വരുന്നു. |
| (ബി) പ്രസ്തുത കേസിലെ പ്രതികളിൽ ചിലർ മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കുന്ന ചടങ്ങുകളിൽ നിരന്തരം പങ്കെടുത്തിട്ടും അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ട് ; | (ബി) കേസിൽ ആരോപിക്കപ്പെടുന്ന പ്രതിക്കൾക്കെതിരെ കൂടുതൽ തെളിവുകൾ ലഭിക്കേണ്ടതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) പ്രതികളെ ഉടൻ അറസ്റ്റ് ചെയ്ത് കേസിന്റെ തുടർ നടപടികൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) പ്രതികളെ അറസ്റ്റ് ചെയ്യുവാൻ തക്കവണ്ണം തെളിവുകൾ ശേഖരിക്കുന്നതിനായി കേസ്സിൻമേൽ ഊർജ്ജിത അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ